"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമ വകുപ്പ്- അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ. നൂർ മുഹമ്മദ് എ. എച്ച്. -ന്റെ ഭാര്യ ഹസീന പി. എ. യുടെ ചികിത്സയ്ക്ക് ചിലവായ തുക പ്രതിപൂരണം ചെയ്ത് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ്**

സ.ഉ.(കൈ) നം.14/2026/LAW തീയതി, തിരുവനന്തപുരം, 25-02-2026

---

പരാമർശം:-

1. അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയ ശ്രീ. നൂർ മുഹമ്മദ് എ. എച്ച്. -ന്റെ 12.05.2023 തീയതിയിലെ അപേക്ഷ.
2. അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിലെ 13.12.2023 തീയതിയിലെ എസി.എ.4-18215/2023 നമ്പർ കത്ത്.
3. കൊച്ചി ആസ്റ്റർ മെഡ് സിറ്റിയിലെ ഡോ. വിനീത് വിശ്വം സാക്ഷ്യപ്പെടുത്തിയ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.
4. കൊച്ചി ആസ്റ്റർ മെഡ് സിറ്റിയിലെ ഡോ. മയൂരി എം. രാജപൂർക്കർ സാക്ഷ്യപ്പെടുത്തിയ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.
5. കൊച്ചി ആസ്റ്റർ മെഡ് സിറ്റിയിലെ ഡോ. അരുൺ വാര്യർ സാക്ഷ്യപ്പെടുത്തിയ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.
6. കൊച്ചി കാൻസർ റിസർച്ച് സെന്ററിലെ ഡോ. പോൾ ജോർജ്ജ് സാക്ഷ്യപ്പെടുത്തിയ അപ്പൻഡിക്സ്-II.
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 24.11.2023 തീയതിയിലെ നം.(എൽ.ഡീസ്) എം.ആർ 3-376017/2023/അ.വ.ഡ. നമ്പർ കത്ത്.
8. അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിലെ 24.12.2025 തീയതിയിലെ എസി.എ.4-18215/2023 നമ്പർ കത്ത്.
9. 23.11.2020 തീയതിയിലെ സ.ഉ.(കൈ)നം.122/2020/ധന നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയിരുന്ന

ശ്രീ. നൂർ മുഹമ്മദ് എ. എച്ച്. -ന്റെ ഭാര്യയായ ഹസീന പി. എ. യുടെ ചികിത്സയ്ക്ക് ചിലവായ 10,18,923/- രൂപയിൽ (പത്ത് ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തി മൂന്ന് രൂപ മാത്രം) ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്യുന്നതിലേയ്ക്കായി പരാമർശം (1) പ്രകാരം അപേക്ഷിച്ചിട്ടുള്ളതാണ്. പരാമർശം (7) ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത തുകയായ 8,04,723/- രൂപ (എട്ട് ലക്ഷത്തി നാലായിരത്തി എഴുനൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്തിട്ടുള്ളതാണ്.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. സർക്കാർ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെട്ട എറണാകുളം ആസ്റ്റർ മെഡ് സിറ്റിയിൽ ക്യാൻസർ ചികിൽസയിലിരിക്കെ മരണപ്പെട്ട, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ. നൂർ മുഹമ്മദ് എ. എച്ച്. -ന്റെ ഭാര്യ ഹസീന പി. എ. യുടെ ചികിത്സയ്ക്ക് ചെലവായ മൊത്തം തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത തുകയുടെ (8,04,723/-) 80% ആയ 6,43,778/- രൂപ (ആറ് ലക്ഷത്തി നാൽപ്പത്തിമൂവായിരത്തി എഴുനൂറ്റി എഴുപത്തി എട്ട് രൂപ മാത്രം), ഒരു പ്രത്യേക കേസായി പരിഗണിച്ച് പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ചെലവ് "2014-00-114-99-00-01-4-Medical Reimbursement" എന്ന ശീർഷകത്തിൽ നിന്നും വരവ് വെയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ജി സനൽ കുമാർ
നിയമ സെക്രട്ടറി

1) ശ്രീ. നൂർ മുഹമ്മദ് എ. എച്ച്., സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം (അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം).
2) അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അനുബന്ധ രേഖകൾ സഹിതം).
3) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
4) ജില്ലാ/ സബ് ട്രഷറി ഓഫീസർ, എറണാകുളം.
5) ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
6) ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
7) ധനകാര്യ വകുപ്പ് (21.07.2025 തീയതിയിലെ UO(f) No.(E-3078010): Loans-L4/35/2025-FIN, 23.02.2026 തീയതിയിലെ UO(f) No. Loans-L4/35/2025-FIN- 3078010).
8) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (02.11.2024 തീയതിയിലെ UO(f) No. HEALTH-G2/306/2024-HEALTH).
9) പൊതുഭരണ (എസ്.സി) വകുപ്പ് (08.10.2025 തീയതിയിലെ മന്ത്രിസഭയോഗം ഇനം നം.3317 & 04.02.2026 തീയതിയിലെ മന്ത്രിസഭാ യോഗതീരുമാനം ഇനം നം.3621).
10) നിയമ സെക്രട്ടറിയുടെ പി. എ.

11) നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറിയുടെ സി. എ.

12) സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (INS-B2/135/2023-LAW).

ഉത്തരവിൻ പ്രകാരം

Signed by
Sajjad S
സെക്ഷൻ ഓഫീസർ.
Date: 26-02-2026 08:29:24

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-02-2026

ഫയൽ നം. 135/ഇൻസ്.ബി2/2023/നിയമം. ഇനം നം: 3621

വിഷയം : നിയമ വകുപ്പ് - അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ. നൂർ മുഹമ്മദ് എ.എച്ച്.-ന്റെ ഭാര്യ ഹസീന പി.എ.-യുടെ ചികിത്സയ്ക്ക് ചെലവായ തുകയുടെ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

5/2/26
സെക്രട്ടറി, നിയമ വകുപ്പ്.

3621

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | നം.135/ഇൻസ്.ബി.2/2023/നിയമം |
| 2. | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് |
| 3. | വിഷയം | : | അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ. നൂർ മുഹമ്മദ് എ. എച്ച്.-ന്റെ ഭാര്യ ഹസീന പി. എ.-യുടെ ചികിത്സയ്ക്ക് ചെലവായ തുകയുടെ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08/10/2025 (മന്ത്രിസഭാ യോഗ തീരുമാനം). |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ജി. സനൽ കുമാർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/01/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 02/02/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03/02/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ. നൂർ മുഹമ്മദ് എ. എച്ച്.-ന്റെ ഭാര്യ ഹസീന പി. എ.-യുടെ ചികിത്സയ്ക്ക് ചെലവായ തുകയുടെ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ. നൂർ മുഹമ്മദ് എ. എച്ച്.-ന്റെ ഭാര്യയായ ഹസീന പി. എ.-യുടെ ചികിത്സയ്ക്ക് ചിലവായ 10,18,923/- രൂപ (പത്ത് ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തി മൂന്ന് രൂപ മാത്രം) റീഇംബേഴ്സ് ചെയ്തു കിട്ടുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളുടെ ഭാര്യയ്ക്ക് നാവിൽ ക്യാൻസർ ബാധിച്ചതിനെത്തുടർന്ന് മൂന്ന് തവണകളായി എറണാകുളം ആസ്റ്റർ മെഡ്സിറ്റി ആശുപത്രിയിൽ അഡ്മിറ്റായി സർജറി, റേഡിയേഷൻ, കീമോ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സകൾക്ക് അഡ്മിറ്റാവുകയും തുടർന്ന് 27.04.2023 തീയതിയിൽ അണുബാധ വ്യാപിച്ചതിനെ തുടർന്ന് ഹസീന പി. എ. ആശുപത്രിയിൽ വെച്ച് മരണപ്പെടുകയും ചെയ്തു. ശ്രീ. നൂർ മുഹമ്മദ് എ. എച്ച്. മൂന്ന് അപേക്ഷകളും, മൂന്ന് എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകളുമാണ് സമർപ്പിച്ചിട്ടുള്ളത്. കേരള ഗവൺമെന്റ് സർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്, 1960, പ്രകാരം കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിൽ നിന്നും റഫർ ചെയ്തുകൊണ്ടുള്ള അപ്പൻഡിക്സ്-II പ്രൊഫോർമയാണ് സമർപ്പിച്ചിട്ടുള്ളതെന്നും അപ്പൻഡിക്സ്-II പ്രൊഫോർമ ഡി.എം.ഒ-യുടെ മേലൊപ്പ് ലഭിക്കുന്നതിനായി അയച്ചു നൽകിയപ്പോൾ, കൊച്ചിൻ കാൻസർ സെന്റർ ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിലുള്ള സ്ഥാപനം അല്ലാത്തതിനാൽ തിരികെ അയക്കുകയുണ്ടായി. തുടർന്ന്, ശ്രീ. നൂർ മുഹമ്മദ് എ. എച്ച്. -ന്റെ അപേക്ഷയും, അനുബന്ധ രേഖകളും പരിശോധനയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും ശ്രീ. നൂർ മുഹമ്മദ് എ. എച്ച്. -ന്റെ ഭാര്യയുടെ ചികിത്സയ്ക്ക് ചെലവായ തുകയിൽ 8,04,723/- (എട്ട് ലക്ഷത്തി നാലായിരത്തി എഴുനൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) രൂപ അനുവദിക്കാവുന്നതാണെന്ന് 24.11.2023 തീയതിയിലെ (എൽ.ഡി.എസ്.) എം.ആർ.3-376017/2023/ആ.വ.ഡ. നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുള്ളതു പ്രകാരം ശ്രീ. നൂർ മുഹമ്മദ് എ. എച്ച്.-ന് അദ്ദേഹത്തിന്റെ ഭാര്യയുടെ ചികിത്സാചെലവ് മടക്കി നൽകുന്ന ഇനത്തിൽ ആര്യോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത പ്രകാരം തുക മാറി നൽകുന്നതിന് സർക്കാർ അനുമതി

നൽകണമെന്നും 13.12.2023 തീയതിയിലെ എസി.എ.4-18215/2023 നമ്പർ കത്ത് മുഖേന അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചിരുന്നു.

3. അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ. നൂർ മുഹമ്മദ് എ. എച്ച്.-ന്റെ ഭാര്യയായ ഹസീന പി. എ.-യുടെ ചികിത്സയ്ക്ക് ചിലവായ 10,18,923/- (പത്ത് ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തി മൂന്ന് രൂപ മാത്രം) രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത തുകയായ 8,04,723/- (എട്ടു ലക്ഷത്തി നാലായിരത്തി എഴുനൂറ്റി ഇരുപത്തി മൂന്നു രൂപ മാത്രം) രൂപ അനുവദിക്കുന്നതിലേക്കായി ഫയൽ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ അനുമതിയ്ക്കായി നൽകിയപ്പോൾ 02.11.2024 തീയതിയിലെ HEALTH-G2/306/2024-HEALTH നമ്പർ പ്രകാരം താഴെപറയുന്ന റിമാർക്സ് നൽകിയിട്ടുള്ളതാണ്, അതായത്:-

"Administrative Department is conveyed our inability to accord special sanction for the claim in respect of Smt. Haseena P. A., W/o, Shri. Noor Muhammed, Section Officer, O/o the Advocate General, EKM, at Aster Medicity, Ernakulam since the treatment was not for a emergency medical condition and without proper referral from Authorized Medical Attendant. The AD is also informed that, since the patient is deceased and in light of the Applicant's representation, they can decide whether to address the matter under the provisions of Circular No.82/2022/Fin dated 24.09.2022".

4. ധനകാര്യ വകുപ്പിന്റെ 24.09.2022-ലെ 82/2022/ധന. നമ്പർ സർക്കുലറിലെ ഇനം 2(iii) ചുവടെ പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു, അതായത്:-

"പ്രത്യേക പരിഗണന അർഹിക്കുന്ന കേസുകളിൽ ഉന്നത തല ശിപാർശയോടെ ഫയൽ ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അഭിപ്രായവും പ്രത്യേക പരിഗണന നൽകുവാനുള്ള കാരണവും ഫയലിൽ വ്യക്തമാക്കേണ്ടതാണ്".

5. മേൽ വിഷയം പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു കേസ് ആണ് എന്ന് കണ്ടതിനെ തുടർന്ന്, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ

ഗ്രേഡ്) ആയിരുന്ന ശ്രീ. നൂർ മുഹമ്മദ് എ. എച്ച്-ന്റെ ഭാര്യയായ ശ്രീമതി ഹസീന പി. എ.-യുടെ ചികിത്സയ്ക്ക് ചെലവായ **10,18,923/-** രൂപയിൽ (പത്തു ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തി മൂന്ന് രൂപ മാത്രം) ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത തുകയായ **8,04,723/-** (എട്ടു ലക്ഷത്തി നാലായിരത്തി എഴുനൂറ്റി ഇരുപത്തി മൂന്നു രൂപ മാത്രം) രൂപ മാനുഷിക പരിഗണന നൽകി പ്രത്യേകാനുമതിയോടെ അനുവദിക്കുന്നതിലേക്കായി, **24.09.2022**-ലെ **82/2022**/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം ഫയൽ ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ ഉത്തരവിന്റെയടിസ്ഥാനത്തിൽ നൽകിയിരുന്നു. തുടർന്ന് **21.07.2025**-ാം തീയതിയിലെ **UO(f) No. (E-3078010): Loans-L4/35/2025-FIN** പ്രകാരം ധനകാര്യവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം നൽകിയിട്ടുള്ളതാണ്, അതായത്:-

> "ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ **Appendix II** ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകി പ്രത്യേകാനുമതിയിലൂടെ റീഇംബേഴ്സ്മെന്റ് അനുവദിയ്ക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.
>
> ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്.".

6. മേൽ സാഹചര്യത്തിൽ, ധനകാര്യ വകുപ്പ് നൽകിയ മേൽ അഭിപ്രായം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തെ അറിയിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

> "ശ്രീ. നൂർ മുഹമ്മദ് എ. എച്ച് സമർപ്പിച്ച അപ്പൻഡിക്സ് - II പ്രൊഫോർമ ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന കാരണത്താലാണ് ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത തുക അനുവദിക്കാത്തത്. കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിലുള്ള സ്ഥാപനം അല്ലാത്തതിനാലാണ് ജില്ലാ മെഡിക്കൽ ഓഫീസർ അപ്പൻഡിക്സ് – II പ്രൊഫോർമ സാക്ഷ്യപ്പെടുത്താതിരുന്നത്. എന്നാൽ സർക്കാർ സ്ഥാപനമായ കൊച്ചിൻ ക്യാൻസർ സെന്ററിൽ നിന്നും റഫർ ചെയ്ത് കൊണ്ടുള്ള അപ്പൻഡിക്സ് – II പ്രൊഫോർമയാണ്

ടിയാൻ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത വിഷയത്തിൽ മാനുഷിക പരിഗണന നൽകി ശ്രീ. നൂർ മുഹമ്മദിന് തന്റെ ഭാര്യയുടെ ചികിൽസയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത തുക പ്രത്യേക അനുമതിയോടെ മാറി നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.".

ആയത്, ബഹു. മുഖ്യമന്ത്രി **24.09.2025** തീയതിയിൽ അംഗീകരിച്ചിട്ടുള്ളതാണ്.

**7.** **08.10.2025**-തീയതിയിൽ ചേർന്ന മന്ത്രിസഭാ യോഗം മേൽവിഷയം പരിഗണിച്ച്, താഴെപറയുംപ്രകാരം ഉത്തരവായിട്ടുള്ളതാണ്.

"ഇക്കാര്യം വിശദമായി പരിശോധിച്ച് പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടു വരേണ്ടതാണ്.".

8. ക്യാൻസർ ചികിത്സയ്ക്ക് റീഇംപേഴ്സ്മെന്റ് അനുവദനീയമായ സർക്കാർ ഹോസ്പിറ്റലുകൾ ഉള്ളപ്പോൾ, റീഇംപേഴ്സ്മെന്റ് അനുവദനീയമല്ലാത്ത ഹോസ്പിറ്റലിൽ ചികിത്സയ്ക്ക് വിധേയമായ സാഹചര്യം വ്യക്തമാക്കുവാൻ അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തോട് അഭ്യർത്ഥിച്ചിരുന്നു. അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ. നൂർ മുഹമ്മദിന്റെ മേൽവിഷയത്തിലുള്ള വിശദീകരണവും **21.01.2016**-ലെ സ.ഉ(പി) നം. **10/2016/H&FWD** നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആസ്റ്റർ മെഡ്സിറ്റി സർക്കാർ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും **24.12.2025**-ാം തീയതിയിലെ എസി.എ **4-18215/2023** നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുള്ളതാണ്. ആയത് (അനുബന്ധം-എ) ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.

**9.**സർക്കാർ അംഗീകൃത പട്ടികയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ/ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിക്കുന്ന തുകയുടെ 80% മാത്രമേ അനുവദിക്കാനാകൂ (ഐ.വി.എഫ് ചികിത്സ ഒഴികെ) എന്നും, 23.11.2020 തീയതിയിലെ സ.ഉ(കൈ)നം. 122/2020/ധനം നമ്പർ

പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.(പകർപ്പ് അനുബന്ധം "ബി" ആയി ഉൾപ്പെടുത്തിയിരിക്കുന്നു).

10. ഹസീന പി. എ.-യുടെ ക്യാൻസർ രോഗത്തിനുള്ള ചികിത്സ ആദ്യം തേടിയത് കളമശ്ശേരി മെഡിക്കൽ കോളേജിലാണ്. ടി ആശുപത്രിയിലെ വിവിധ പരിശോധനയ്ക്കു ശേഷം ഉടനടി ശസ്ത്രക്രിയ നടത്തണമെന്നു നിർദ്ദേശിക്കപ്പെട്ടതിനെ തുടർന്ന് കളമശ്ശേരി മെഡിക്കൽ കോളേജിന് കീഴിലുള്ള കൊച്ചിൻ ക്യാൻസർ സെന്ററിൽ ചികിത്സ തേടിയിരുന്നു. കൊച്ചിൻ ക്യാൻസർ സെന്ററിലെ അർബുദ രോഗ വിദഗ്ധനായ ഡോ. പോൾ ജോർജ്ജ് ഉടനടി ശസ്ത്രക്രിയ നടത്തണമെന്ന് നിർദ്ദേശിക്കുകയും എന്നാൽ പ്രസ്തുത ശസ്ത്രക്രിയ ടി ക്യാൻസർ സെന്ററിൽ നടത്തുന്നതിന് വളരെ കാലതാമസം നേരിടുമെന്നും അത് രോഗിയുടെ അവസ്ഥ കൂടുതൽ അപകടകരമാക്കുമെന്ന് അറിയിച്ചിട്ടുള്ളതും മറ്റു സൗകര്യമുള്ള ആശുപത്രിലേക്ക് ചികിത്സിക്കാൻ **28.01.2023-ൽ** റഫർ ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് സർക്കാർ എംപാനൽ ചെയ്തിട്ടുള്ള എറണാകുളം ആസ്റ്റർ മെഡ്സിറ്റിയിൽ ചികിത്സ തേടുകയും പ്രസ്തുത ആശുപത്രിയിൽ വെച്ച് **2** ശസ്ത്രക്രിയകൾ നടത്തുകയും റേഡിയേഷൻ, കീമോ തെറാപ്പി തുടങ്ങിയ ചികിത്സകൾ ചെയ്തുവെങ്കിലും അണുബാധയെതുടർന്ന് **27.04.2023-ന്** ടി ആശുപത്രിയിൽ വെച്ച് മരണപ്പെട്ടിട്ടുള്ളതുമാണ്.

11. ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ **Appendix-II** ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകി പ്രത്യേകാനുമതിയിലൂടെ റീഇംബേഴ്സ്മെന്റ് അനുവദിയ്ക്കാനാവില്ലായെന്ന് ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. ഹസീന പി.എ. ചികിത്സതേടിയ എറണാകുളം ആസ്റ്റർ മെഡ്സിറ്റി സർക്കാർ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ഹോസ്പിറ്റലിലെ ക്യാൻസർ ചികിത്സയിൽ ഇരിക്കെ ടിയാൾ മരണപ്പെട്ടിരുന്നു. ടിയാളുടെ ചികിത്സയ്ക്ക് ചിലവായ 10,18,923/- രൂപയിൽ (പത്ത് ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിമൂന്ന് രൂപ മാത്രം) ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത തുകയുടെ (8,04,723/- രൂപ) 80% ആയ 6,43,778/- രൂപ(ആറു ലക്ഷത്തി നാല്പത്തി മൂവായിരത്തി എഴുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) മാനുഷിക പരിഗണന നൽകി, പ്രത്യേക അനുമതിയോടെ റീഇംപേഴ്സ്മെന്റ് ചെയ്ത് നൽകാവുന്നതാണെന്ന് കാണുന്നു.

## തീരുമാനിക്കേണ്ട സംഗതി

സർക്കാർ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെട്ട എറണാകുളം ആസ്റ്റർ മെഡ്സിറ്റിയിൽ ക്യാൻസർ ചികിത്സയിലിരിക്കെ മരണപ്പെട്ട അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ. നൂർ മുഹമ്മദ് എ. എച്ച്.-ന്റെ ഭാര്യ ഹസീന പി. എ.-യുടെ ചികിത്സയ്ക്ക് ചെലവായ മൊത്തം തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത തുകയുടെ (8,04,723/-) 80% ആയ 6,43,778/– രൂപ (ആറു ലക്ഷത്തി നാല്പത്തി മൂവായിരത്തി എഴുനൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം), ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട്, മാനുഷിക പരിഗണന നൽകി പ്രത്യേക അനുമതിയോടെ റീഇംബേഴ്സ്മെന്റ് ചെയ്ത് നൽകാവുന്നതാണോ?

Annexure - A

എസി.എ 4 - 18215/2023

അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം,
കേരളം, എറണാകുളം, കൊച്ചി – 682031
ഫോൺ (PABX): 0484 - 2395050, 2395052, 2395078,
ഫാക്സ് : 0484 2394674
ഇമെയിൽ : advocategeneralkerala@gmail.com

പ്രേഷിതൻ

അഡ്വക്കേറ്റ് ജനറൽ

കേരളം

തീയതി : 24.12.2025

സ്വീകർത്താവ്,

നിയമ സെക്രട്ടറി,
നിയമ (ഇൻസ്പെക്ഷൻ – ബി) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് തിരുവനന്തപുരം 05 JAN 2026 നിയമ വകുപ്പ്

3/1/26

സർ,

വിഷയം:- അക്കൗണ്ട്സ് വിഭാഗം - അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം -ശ്രീ.നൂർമുഹമ്മദ്.എ.എച്ച്, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ന്റെ ഭാര്യയുടെ ചികിത്സയ്ക്ക് ചെലവായ തുക തിരികെ കിട്ടുന്നത് - സംബന്ധിച്ച്.

സൂചന :- 1 01.12.2025 തീയതിയിലെ ഇൻസ്-ബി 2/135/2023-നിയമം നമ്പർ സർക്കാർ കത്ത്.

2 ശ്രീ.നൂർമുഹമ്മദ്.എ.എച്ച്, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ന്റെ 12.05.2023 തീയതിയിലെ അപേക്ഷകൾ.

3 ശ്രീ.നൂർമുഹമ്മദ്.എ.എച്ച്, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ന്റെ 17.12.2025 തീയതിയിലെ അപേക്ഷ.

---

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയിരുന്ന ശ്രീ.നൂർമുഹമ്മദ്.എ.എച്ച്-ന്റെ ഭാര്യയുടെ ചികിത്സയ്ക്ക് ചെലവായ തുക തിരികെ കിട്ടുന്നതിനായുള്ള അപേക്ഷ സംബന്ധിച്ചുള്ള വിഷയത്തിൽ, ഹസീന പി.എ (Late)-യുടെ ചികിത്സയ്ക്കായി മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അനുവദനീയമായ സർക്കാർ ക്യാൻസർ ഹോസ്പിറ്റലുകൾ നിലവിലുണ്ടായിരിക്കെ, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അനുവദനീയമല്ലാത്ത ഹോസ്പിറ്റലിൽ ചികിത്സയ്ക്ക് വിധേയമായ സാഹചര്യം വ്യക്തമാക്കണമെന്ന് സൂചന (1) പ്രകാരം നിർദ്ദേശിച്ചിരുന്നു.

പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ടിയാൻ, ഭാര്യയ്ക്ക് ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചികിത്സ തേടാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ട് സൂചന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടിയാന്റെ ഭാര്യ ചികിത്സ തേടിയ ആസ്റ്റർ മെഡിസിറ്റി സർക്കാർ ജീവനക്കാരുടെ ചികിത്സാ ചെലവ് തിരികെ കിട്ടുന്നതിനായി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ് എന്ന വിവരം അറിയിക്കുന്നു.

ശ്രീ.നൂർമുഹമ്മദ്.എ.എച്ച്-ന്റെ വിശദീകരണം, എംപാനൽ ചെയ്തിട്ടുള്ള ഹോസ്പിറ്റലുകളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് എന്നിവ ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

റോയ് ജെയിംസ്,
അഡ്വക്കേറ്റ് ജനറലിന്റെ സെക്രട്ടറി,
അഡ്വക്കേറ്റ് ജനറലിനുവേണ്ടി.
(ഫോൺ നമ്പർ: 0484-2564205)

ഉള്ളടക്കം: മേൽ പ്രസ്താവ്യം

പി.വി.ജെ-26/12

പ്രേഷിതൻ

നൂർമുഹമ്മദ്. കെ. എച്ച്.
അറക്കൽഹൗസ്, ഇല്ലത്ത് നഗർ
പള്ളുരുത്തി. കൊച്ചി-682006
(സെക്ഷൻ ഓഫീസർ (H.E) (Retd.)

17-12-2025

സ്വീകർത്താവ്
ബഹു: അക്കൗണ്ടന്റ് ജനറൽ കേരള
എറണാകുളം.

സർ,

വിഷയം: എന്റെ ഭാര്യയുടെ (ഹസീന) ചികിത്സയ്ക്ക് ചെലവായ തുക തിരികെ കിട്ടുന്നത്-സംബന്ധിച്ച്.

സൂചന:
1) നിയമസഭ (ഇൻഷ്വറൻസ്-ബി) വകുപ്പിന്റെ 1-12-25 ലെ ഇൻസ്(ബി)2/135/2023-നിയമം) നമ്പ്കത്ത്
2) 12-5-23 ന് ചികിത്സാ ചെലവ് തിരികെ കിട്ടുന്നതിന് ഞാൻ സമർപ്പിച്ച അപേക്ഷ.
3) ബഹു: അക്കൗണ്ടന്റ് ജനറലിന്റെ 13-12-23 ലെ എ.സി.എ 4- 18215/2023, നമ്പ് കത്ത്.
4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24-11-23 ലെ എൻ.ഡിസ്. എം.ആർ-3 - 376017/2023 /ആ.വ.ഡ നമ്പ് കത്ത്.

സൂചനയിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എന്റെ ഭാര്യയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ - 12-5-23 തീയതിയിൽ അനുബന്ധ രേഖകളോടൊപ്പം സമർപ്പിച്ചിട്ടുള്ളതാണ്. ആരോഗ്യ വകുപ്പ് ഡയറക്ടർ വിശദമായ പരിശോധന കർശനം വിശദീകരണം തേടലുകൾക്കും ശേഷം, അദ്ദേഹത്തിന്റെ സൂചന 4 ഉത്തരവ് പ്രകാരം 804723/- (എട്ടുലക്ഷത്തി നാലായിരത്തി എഴുന്നൂറ്റി ഇരുപത്തിമൂന്ന്) രൂപ അനുവദനീയമാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

മെഡിക്കൽ പരിശോധനയുടെ അടിസ്ഥാനത്തിൽ അർബുദരോഗമാണെന്ന് സ്ഥിരീകരിക്കപ്പോൾ എന്റെ ഭാര്യയുടെ ചികിത്സയ്ക്ക് അത്യാവശ്യമായി സർക്കാർ മെഡിക്കൽ കോളേജായ കളമശ്ശേരി മെഡിക്കൽ കോളേജിലാണ് ചികിത്സതേടിയത്. അവിടെ വിവിധ ഡിപ്പാർട്ട്മെന്റുകൾ പരിശോധിച്ച ശേഷം ഉടനടി ശസ്ത്രക്രിയ നടത്തണമെന്ന് നിർദ്ദേശം നൽകിയത്.

കളമശ്ശേരി മെഡിക്കൽ കോളേജിന് സമീപമുള്ള കൊച്ചിൻ ക്യാൻസർ സെന്ററിൽ ചികിത്സ തേടിയപ്പോൾ Dr. പോൾ ജോർജ്ജ്; (അർബുദ രോഗ വിദഗ്ദ്ധൻ) പരിശോധിക്കുകയും ഉടനടി ശസ്ത്രക്രിയ നടത്തണമെന്ന് നിർദ്ദേശിക്കുകയും അവിടെ ഈ ശസ്ത്രക്രിയ നടത്തുന്നതിന് വളരെ കാലതാമസം നേരിടുമെന്നും അത് രോഗിയുടെ അവസ്ഥ കൂടുതൽ അപകടകരമാകുമെന്നും അറിയിച്ചു. ആയതിനാൽ മറ്റു സൗകര്യമുള്ള ആശുപത്രിയിലേക്ക് ചികിത്സിക്കാൻ റഫർ ചെയ്യുന്നു. 28.01.23 ലെ അദ്ദേഹത്തിന്റെ റഫർ ചെയ്യുന്നതിൽ വിശദീകരിക്കുന്നതാണ്.

കൊച്ചി ക്യാൻസർ റിസർച്ച് സെന്ററിലെ Dr. പോൾ ജോർജ്ജ് റഫറ് ചെയ്തപ്രകാരമാണ് സർക്കാർ M- പാനൽ ചെയ്തിട്ടുള്ള എറണാകുളം ജില്ല - ചേരാനല്ലൂരിൽ ഉള്ള ആസ്റ്റർ മെഡിസിറ്റിയിൽ ചികിത്സ തേടിയത്. എന്റെ ഭാര്യക്ക് ആസ്റ്റർ മെഡിസിറ്റിയിൽ വെച്ച് 2 ശസ്ത്രക്രിയകൾ നടത്തുകയും റേഡിയേഷൻ, കീമോ തുടങ്ങിയ ചികിത്സകൾ ചെയ്യുകയും ഇതിനെത്തുടർന്നുള്ള അണുബാധ സംഭവിക്കുകയും 27.04.23 ന് ആശുപത്രിയിൽ വെച്ച് തന്നെ മരണപ്പെടുകയും ചെയ്തു.

ചികിത്സ ഇനത്തിൽ തിരിച്ചുകിട്ടുന്നതിന് ഞാൻ സമർപ്പിച്ച അപേക്ഷയും ആവശ്യരേഖകളും കൗണ്ടർ സൈനിനായി എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർക്ക് 23.8.23 ലെ Appendix II Form ൽ അയച്ചെങ്കിലും ജില്ലാ മെഡിക്കൽ ഓഫീസർ F3 -7346/2023 (N-DIS) നമ്പർ പ്രകാരം കൗണ്ടർ സൈൻ ചെയ്യാതെ ജി.മെ.കോ. DMO യുടെ കീഴിൽ വരാത്തതിനാൽ എന്ന് കോളേജ് തിരിച്ചയക്കുകയും ചെയ്തു. ഈ വിവരങ്ങൾ എല്ലാം വ്യക്തമാക്കി 14.09.23 ന് AC-A4-18215/2023 നമ്പർ: അപേക്ഷ ആരോഗ്യ ബോർഡിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് മുഖേന മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ വന്ന ചെലവ് 8,04,723/- (എട്ട് ലക്ഷത്തി നാലായിരത്തി എഴുനൂറ്റി ഇരുപത്തിമൂന്ന് രൂപ) അനുവദിച്ച് ഉത്തരവായത്. ആയതിനാൽ ഈ തുക എത്രയും വേഗം അനുവദിച്ചു തരാൻ അങ്ങയുടെ ദയവുണ്ടായി അനുവദനീയമായ നടപടി സ്വീകരിക്കണമെന്ന് വളരെ വിനീതമായി അപേക്ഷിക്കുന്നു.

വിശ്വസ്തതാപൂർവ്വം

[signature]

നൗഷാദ് A.H.

പള്ളുരുത്തി.

17.12.25

-5-

2379
5/2/16

www.sahayam.in

**GOVERNMENT OF KERALA**

Abstract

Health & Family Welfare Department - Kerala Government Servants Medical Attendance Rules, 1960 - Empanelment of private hospitals for Medical Reimbursement - Orders issued.

HEALTH & FAMILY WELFARE (G) DEPARTMENT

G.O.(P) No.10/2016/H&FWD Dated, Thiruvananthapuram, 21/01/2016

Read:- 1. G.O(P)45/97/H&FWD dated, 18.02.1997.
2. Notification No.24902/G2/11/H&FWD dated, 29.08.2011.
3. Circular No.24623/G2/12/H&FWD dated, 11.07.2012
4. GO(P) 144/13/H&FWD dated, 22.4.2013
5. Letter No.MH3-76614/13/DHS dated, 4.12.13, 17.12.13, 30.12.13, 15.1.14, 2.3.14, 3.3.14, 23.4.14, 2.6.14, 2.9.14, 5.9.14, 11.9.14 from Director of Health Services
6. Letter No.G1/8999/2013 dated, 9.1.2013, 15.10.2013&17.9.2014 from the Director of Indian Systems of Medicine

**ORDER**

Government invited applications from the heads of various private medical institutions in the State for empanelment to facilitate the medical reimbursement benefits to Government Servants, as per the notification read as second paper above.

(2) List of applications received from various institutions for empanelment have been categorized under Allopathy, Ayurveda and Ophthalmology and forwarded to the respective Head of Departments for verification after conducting inspection by a panel of doctors set up for the purpose.

(3) As such the Director of Health Services and Director of Indian Systems of Medicine have recommended certain hospitals to be empanelled as per the letters read as 5th to 6th papers above respectively.

(4) Government have examined the matter in detail and are pleased to empanel the hospitals listed at Annexure to this order in addition to the reference read as 3rd and 4th paper above also for the treatment mentioned against each one, so as to facilitate the medical reimbursement benefits to the State Government Servants subject to the condition that Government rate alone will be given for treatment. Government also order that in future no claim for reimbursement will be allowed for treatment in private hospitals other than the hospitals already empaneled.

(5) Before availing the treatment in the institution, the Government Servant should observe Rule 8(3) of KGSMA Rules 1960, and proper reference from an Authorised Medical Attendant. As and when standardization of treatment cost is decided, the same will be made applicable in the empanelled hospitals.

(6) Necessary modifications in the Kerala Government Servants Medical Attendance Rules to the above effect will be issued separately.

(By Order of the Governor)
KRISHNA SARMA.P
Additional Secretary to Govt.

To

www.sahayam.in

All Heads of Departments and Offices.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
The Advocate General, Ernakulam ( with C/L)
The Secretary, Kerala Public Service Commission (With C/L)
The Registrar , High Court of Kerala, Ernakulam.(With C/L)
The Registrar, University of Kerala /MG/Cochin/Calicut/Kannur (With C/L)
The Registrar, KSCB ( With C/L)
The Managing Director, KSRTC, Thiruvananthapuram (With C/L)
The Secretary to Governor ( With C/L)
The Secretary, Legislature Secretariat. (With C/L)
The Director of Health Services, Thiruvananthapuram.
The Director of Treasuries, Thiruvananthapuram.
The Information and Public Relations Department. (For publishing in the Website)
The Finance Department
The Law Departmen
All Departments (All Sections) of the Secretariat
Stock File/Office Copy

Forwarded by Order

Section Officer

www.sahayam.in

**Annexure**

## LIST OF PRIVATE HOSPITALS FOR EMPANELMENT

| Sl.No. | Name of Hospital | Department recommended |
|---|---|---|
| 1 | Credence Hospital Pvt.Ltd, Ulloor, Thiruvananthapuram | Neonatology, Infertility, Laproscopic Surgery |
| 2 | Punarjani Super Speciality Hospital, Peroorkada, Thiruvananthapuram | Andrology, Urology, Infertility |
| 3 | Al Arif Hospital, Thiruvanthapuram | Orthopaedics,Nephrology, Urology, GeneralSurgery, Laproscopic Surgery |
| 4 | The India Hospital Trust, Thampanoor, Thiruvananthapuram | Urology, GeneralSurgery, Laproscopic Surgery |
| 5 | NIMS Hospital,Neyyattinkara Thiruvananthapuram | Cardiothorasic Surgery, Surgery including Laproscopic and Bariatric Surgery, Medical Gastroenterology, Neurology, Pulmonology, Urology, Nephrology, Neonatology, Critical Care and Trauma Care, General Medicine |
| 6 | Ananthapuri Hospital & Research Institute, Thiruvananthapuram | Cardiology, Cardiothorasic Surgery, Neurology, Nephrology, Nuero Surgery |
| 7 | SUT Royal Hospital, Thiruvananthapuram | Cardiology, Cardiothorasic Surgery, MedicalGastroenterology, Surgical Gastroenterology, Laproscopic Surgery |
| 8 | Dr. Somervel CSI Medical College&Hospital,Karakonam , Thiruvananthapuram | All Departments |
| 9 | Sivagiri Sree Narayana Medical Mission Hospital, Varkala,Thiruvananthapuram | General Medicine, Orthopaedics, Urology |
| 10 | Lords, Hospital, Thiruvananthapuram | General Medicine, General Surgery, Laproscopic Surgery, Orthopaedics,Vedio Assisted Surgery for Anal Fistula,Stapler Surgery for Piles, Urology, Nephrology, Plastic Surgery, RFA for Varicos Vein |
| 11 | S.K.Hospital, Thiruvananthapram | All Departments |
| 12 | Attukal Devi Institute of Medical Science Ltd. Thiruvananthapram | Orthopaedics |
| 13 | Precise Eye Centre, Thiruvananthapuram | Opthalmology |

www.sahayam.in

| | | |
|---|---|---|
| 14 | Travancore Medical College N H Byepass Road, Mylapore Umayanallur, Kollam. | All Departments except Opthalmology |
| 15 | Dr.Nair's Hospital, Kollam | Neonatology |
| 16 | N.S.Memorial Institute of Medical Science, Kollam | Nephrology, Urology, Pulmonology, Maxillofacial Surgery, Laproscopic Surgery, Endoscopic Surgery, General surgery, Peadiatric NICU, General Medicine, Infertility |
| 17 | S.B.M Hospital,Kollam | Neonatology, and Neonatal ICU |
| 18 | Bishop Benzigar Hospital, Kollam | All Departments except Ozanam eye centre |
| 19 | Sree Narayana Trust Medical Mission, Kollam | All Departments |
| 20 | St.Gregorious Medical Mission Hospital, Pathanamthitta | Nephrology, Trauma Care, Neurosurgery, Medical&Surgical Oncology, Gastroenterology, Neonatology, Urology, Neurology, Physiotherapy |
| 21 | St. Thomas' Hospital, Malakkara Post, Edayaranmulla, Pathanamthitta. | ENT |
| 22 | Christian Mission Hospital, Pandalam,Pathanamthitta | General Medicine, Neurology, Orthopaedics |
| 23 | Muthoot Health Care Pvt.Ltd, Pathanamthitta | Laproscopic Surgery, Neuro Surgery, General Surgery, Orthopaedic Surgery,Traumatology,Urology, Nephrology, Critical Care, Neurology |
| 24 | JOSCO Multi Speciality Hospital, Alapuzha | Nephrology |
| 25 | CenturyHospital,Mulakkuzha Alappuzha | Neuro Surgery, Nephrology, Medical Gastroenterology, PlasticSurgery, General Surgery, Orthopaedics & ENT |
| 26 | KVM Hospital,Cherthala, Alappuzha | Neuro Surgery, Cardiology, Nephrology, General Surgery, Urology |
| 27 | SH Medical Centre Hospital Kottayam | Pulmonology, Cardiology, Nephrology, Urology, Laproscopic Key hole Surgery, Endocrinology, Neonatology, Gastroenterology, Neurology |
| 28 | Caritas Hospital, Thellakom Kottayam. | All Departments |
| 29 | St.John's Hospital, Kattappana, Idukki | All Departments |
| 30 | St.Mary's Hospital, Thodupuzha, Idukki | Cardiology, Pulmonology, Gastroenterology |

www.sahayam.in

| | | |
|---|---|---|
| 31 | Indiragandhi Co-operative Hospital, Ernakulam | Neurology |
| 32 | Lakshmi Hospital, Ernakulam | Micro Surgeries in ENT Department, MedicalOncology, SurgicalOncology, Endocrinology, Vascular Surgery, Reproductive Medicine, Neurology, Pulmonology, Maxillo facial Surgery |
| 33 | Lakshmi Hospital, Tripunithara Ernakulam | Micro Surgeries and Endoscopic Surgeries of the ENT Department |
| 34 | Lakshmi Hospital, Aluva Ernakulam | General Medicine and Orthopaedics |
| 35 | Amritha Institute of Medical Science and Research Centre, Kochi | All Departments |
| 36 | Malankara Orthodox Syrian Church Medical College Hospital, Kolencheri, Ernakulam | Speciality Services: Dental, Dermatology, ENT, General Medicine,GeneralSurgery, Orthopaedics &Arthroplasty, Obstetrics&Gynaecology, Opthalmology, Paediatrics, Pulmonology Medicine, Psychiatry<br>Super Speciality Services: Cardiology&Interventional Cardiology, Cardio Throasic & Vascular Surgery, Gastroenterology,NeuroMedicine, NeuroSurgery,Neonatology, Nephrology, Paediatric Surgery, Plastic Surgery ,Urology, Developmental Paediatrics |
| 37 | Aster Medi City, Ernakulam | All Departments |
| 38 | Craft Hospital &Research Centre,Thrissur | Obstetrics & Gynaecology, Paediatrics, Neonatology, Infertility, Andrology and Sexology, Hormone Lab,IVF Lab and Finetic Lab |
| 39 | P K Das Institute of Medical Sciences, Ottappalam, Palakkad | All Departments |
| 40 | Valluvanad Hospital Complex Ltd, Palakkad | All Departments |
| 41 | PVS Hospital, Railway Station Road, Kozhikkode | General& Laproscopic surgery, Medical&Surgical Gastroenterology General Medicine, Urology Cardiothorasic Surgery, Neuro Medicine, Pulmonary Medicine&Critical Care, Diabetology Dermatology, Vascular Surgery, Orthopaedic Surgery, Obstetrics & Gynaecology, ENT Paediatrics&Neonatology |

www.sahayam.in

| | | |
|---|---|---|
| 42 | KMCT Medical College, Mukkom, Kozhikkode | All Departments except Pulmonology and Cancer |
| 43 | Baby Memorial Hospital, Kozhikkode | All Departments except Opthalmology |
| 44 | Vatakara Sahakarana Hospital, Kozhikode | Neurology, Nephrology, Cardiology, Plastic Surgery, Urology, Endocrinology, Gastroenterology |
| 45 | Prasanthi Hi-tech Hospital, Manjeri, Malappuram | Paediatrics, Orthopaedics, Nephrology, Paediatrics Surgery, Neonatology |
| 46 | Moulana Hospital, Malappuram | Cardiothorasic Surgery, Urology, Neuro Surgery, Endocrinology, General Surgery including Laproscopic Surgery, Interventional radiology, Neonatology, CriticalCare&TraumaCare, Orthopaedics (TKR,THR, Shoulder replacement, Sports injury and arthoscopy) Pulmonology ENT, (endoscopic Procedures and micro surgeries) and Physiotherapy. |
| 47 | Orchid Institute of Health Care & Research Pvt.Ltd, Malappuram | Pulmonology and Orthopaedics |
| 48 | Edappal Hospital Pvt.Ltd. Malappuram | Cardiology , Urology, General Surgery, Orthopaedics, Peadiatrics and Neonatology, Micro surgeries and endoscopic Surgeries of ENT Department, Foetomaternal Medicine |
| 49 | Koyili Hospital, Kannur | Neurology, NeuroSurgery, Cardiology Cardio Thorasic Surgery, Urology, Paediatrics & Neonatology, Pulmonology & Chest Diseases, General Medicine, GeneralSurgery, Laproscopic Surgery,Paediatric Surgery, Orthopaedics, ENT,Vitreo RetinalSurgery, Maxillo Facial Surgery Critical Care, Trauma Care, Nephrology |
| 50 | Kannur Medical College Super Speciality Hospital, Kannur | Cardilogy, Cardio Thorasic Surgery, Neurology, Neuro Surgery Nephrology, General Surgery, Paediatric Surgery ,Plastic Surgery, General Medicine, Endocrinology, Medical Gastroenterology, Urology, Psychiatry, TB & Chest Diseases, Orthopaedics, Physiotherapy, ENT, Opthalmology, Obstetrics&Gynaecology, Dermatology, Pathology, Laproscopic Surgery |

www.sahayam.in

| | | |
|---|---|---|
| 51 | Indira Gandhi Co-operative Hospital,Kannur | Neurology, NeuroSurgery,Urology, General Surgery, Laproscopic Surgery, Plastic Surgery, Endocrinology, Medical Gastroenterology, Pulmonology Orthopaedics, Paediatric Surgery, General Medicine, Paediatrics |
| 52 | Indiana Hospital&Heart Institute,Mangalore,Dakshina Kannada | Cardiology, Cardio Torasic Surgery,Vascular Surgery,Critical Care&Trauma Care, Paediatrics &Neonatology,Orthopaedics, Medical Gastroenterology, Neurology, Nuero Surgery, Laproscopic Surgeries, Pulmonology, General Medicine, GeneralSurgery, Dermatology, ENT, Nephrology, Urology, Opthalmology&Vitreous Retinal Surgery, Psychiatry, Interventional Radiology, Maxillo Facial Surgery, Pathology |
| 53 | High Life Ayurvedic Multi-Speciality Hospita ,Mukkom Kozhikode | For Ayurvedic treatment in the institution |
| 54 | Amruthanjali Ayurveda Hospital,Kollam | " |
| 55 | Pankajakasthuri Ayurveda Medical College, Kattakada, Thiruvananthapuram | " |
| 56 | Santhigiri Ayurvedic Hospital,Pothancode,Thiruvananthapuam | " |